22961
31/10/17

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ്-ശ്രീ.കെ.ജി.വരരുചി, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി-ബഹു.കേരള അഡ്മിനിട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.394/2017/വനം തീയതി, തിരുവനന്തപുരം, 20.10.2017.

---

പരാമർശം :-
1) 06.05.2012 ലെ വിജിലൻസ് വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ വിജ 1-9005/2011 നമ്പർ കത്ത്
2) 29.04.2014 ലെ വിജിലൻസ് വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്ററിന്റെ വിജ 1-40287/13 നമ്പർ കത്ത്
3) 07.11.2015 ലെ സർക്കാരിന്റെ 7863/എ 2/2015/വനം നമ്പർ കുറ്റപത്രം/ കുറ്റാരോപണ പത്രിക
4) 16.02.2016 ൽ ശ്രീ.വരരുചി സമർപ്പിച്ച പ്രതിവാദ പത്രിക
5) 21.03.2017 ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി4-8224/12 നമ്പർ കത്ത്.
6) ശ്രീ.കെ.ജി.വരരുചിയുടെ 21.08.2017 ലെ നിവേദനം
7) ഒ.എ.1648/17 മേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 23.08.2017 ലെ ഉത്തരവ്

## <u>ഉത്തരവ്</u>

ചാലക്കുടി ഡിവിഷനിലെ വെള്ളിക്കുളങ്ങര റെയിഞ്ചിലെ മുപ്ലിയം ഫോറസ്റ്റ് സ്റ്റേഷനിൽപ്പെട്ട ആറേശ്വരം ഭാഗത്ത് നിന്നും 10 ചന്ദനമരങ്ങൾ മുറിച്ച് കടത്തിയ പ്രതികളായ നൗഷാദ്, മൊയ്തീൻ എന്നിവരെ പിടികൂടുന്നതിനോ നഷ്ടപ്പെട്ട തൊണ്ടിമുതൽ കണ്ടെടുക്കുന്നതിനോ ഫലപ്രദമായ യാതൊരു നടപടിയും സ്വീകരിക്കാതിരിക്കുകയും യഥാർത്ഥ സർക്കാർ നഷ്ടമായ 1,15,000/- രൂപ എന്നതിനു പകരം സർക്കാർ നഷ്ടം 44,000/- രൂപയായി കുറച്ചു കാണിക്കുകയും ചെയ്ത വെള്ളിക്കുളങ്ങര റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.കെ.ജി.വരരുചിക്കും മറ്റ് ഫോറസ്റ്റ് സ്റ്റാഫിനുമെതിരെ ഉചിതമായ അച്ചടക്ക

നടപടി സ്വീകരിക്കണമെന്നും ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറെ വെള്ളിക്കുളങ്ങര റെയിഞ്ചിൽ നിന്നും സ്ഥലം മാറ്റണമെന്നും പരാമർശം (1) പ്രകാരം ശുപാർശ ചെയ്തിരുന്നു.

2. എന്നാൽ വെള്ളിക്കുളങ്ങര റെയിഞ്ചിലെ ഇഞ്ചക്കുണ്ട് ഭാഗത്ത് തേക്ക് റീപ്ലാന്റ് ചെയ്യാൻ വേണ്ടി ക്ലിയർ ഫെല്ലിംഗ് നടത്തിയപ്പോൾ ടി സ്ഥലത്തുണ്ടായിരുന്ന നാൽപ്പതോളം ചന്ദനമരങ്ങൾ വെട്ടി നശിപ്പിച്ചതായി 2013 ൽ പരാതി ലഭിക്കുകയും ആയത് അന്വേഷിച്ചതിൽ 2011-12 വർഷങ്ങളിൽ മരംമുറിക്ക് സമാനമായ സംഭവങ്ങളാണ് ഇപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കുന്നതെന്നും അന്നത്തെ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ആയിരുന്ന ശ്രീ.കെ.ജി.വരരുചി തന്നെയാണ് വെള്ളിക്കുളങ്ങര റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ആയി തുടരുന്നതെന്നും ടിയാനെതിരെയുള്ള ആരോപണങ്ങൾ മോണിറ്ററിംഗ് കമ്മിറ്റിയിലും ചർച്ചയായിട്ടുള്ളതാണെന്നും ആയതിനാൽ ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ പരാമർശം (2) പ്രകാരം വീണ്ടും ഡി&പി വിഭാഗം പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ശുപാർശ ചെയ്തിരുന്നു.

3. തുടർന്ന് കുറ്റാരോപിതരായ ഫോറസ്റ്റർമാരായ ശ്രീ.കെ.ശിവൻ, ശ്രീ.പോൾ.പി.മത്തായി, ഫോറസ്റ്റ് ഗാർഡുമാരായ ശ്രീ.കെ.ആർ.ബൈജു, ശ്രീ.പോൾസൺ സ്റ്റീഫൻ എന്നിവർക്ക് തൃശ്ശൂർ സെൻട്രൽ സർക്കിൾ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് തലത്തിലും, വെള്ളിക്കുളങ്ങര റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.കെ.ജി.വരരുചിക്കെതിരെ സർക്കാർ തലത്തിലും ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.എസ്.എൽ.സുനിലാലിന് എതിരെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ തലത്തിലും അച്ചടക്ക നടപടി ആരംഭിച്ചു. ശ്രീ.കെ.ജി.വരരുചിക്കെതിരെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 1960 റൂൾ 15 പ്രകാരം കഠിന ശിക്ഷയുള്ള അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം (3) പ്രകാരം കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകി. ടിയാനെതിരെയുള്ള ചാർജ്ജുകൾ താഴെപ്പറയുന്നവയാണ്.

(i) ചന്ദനമരങ്ങൾ വലിയ തോതിൽ നഷ്ടപ്പെടുത്തുന്നതിന് അനുയോജ്യമായ സാഹചര്യമുണ്ടാകുന്ന തരത്തിൽ സംരക്ഷണ ജോലിയിൽ വീഴ്ച വരുത്തി

(ii) തുടർച്ചയായുള്ള മോഷണങ്ങൾ തടയുന്നിൽ വീഴ്ച വരുത്തിയതിലൂടെ സർക്കാരിന് 1,13,000/- രൂപയുടെ നഷ്ടമുണ്ടാക്കി.

(iii) കേസിലെ മുഴുവൻ പ്രതികളെയും പിടികൂടുന്നതിലും മുഴുവൻ തൊണ്ടികൾ കണ്ടെടുക്കുന്നതിലും വീഴ്ച വരുത്തി.

(iv) സ്റ്റാഫ് തയ്യാറാക്കിയ മഹസ്സറിൽ സർക്കാർ നഷ്ടം കുറവായി കാണിച്ചത് പുനഃപരിശോധിച്ചില്ല.

(v) ഔദ്യോഗിക കൃത്യ നിർവ്വഹണത്തിൽ വീഴ്ച വരുത്തി.

4. കുറ്റപത്രത്തിനും, കുറ്റാരോപണ പത്രികയ്ക്കും പരാമർശം (4) പ്രകാരം ടിയാൻ പ്രതിവാദ പത്രിക സമർപ്പിക്കുകയുണ്ടായി. പ്രതിവാദ പത്രികയിൽ ടിയാൻ ഇപ്രകാരം വാദിക്കുകയുണ്ടായി.:-

ടി കുറ്റകൃത്യം അറിഞ്ഞതു മുതൽ പ്രതികളെ പിടികൂടുന്നതിനും തൊണ്ടി മുതൽ കണ്ടെത്തുന്നതിനുമായി അതിജാഗ്രതയോടെ സ്റ്റേഷൻ സ്റ്റാഫിനെ ഏകോപിപ്പിച്ചുകൊണ്ട് വളരെ ആത്മാർത്ഥമായി പ്രവർത്തിച്ചു. ആയതിന്റെ ഫലമായി ഒന്നു മുതൽ അഞ്ച് വരെയുള്ള പ്രതികളെ അറസ്റ്റ് ചെയ്യുകയും ആറും ഏഴും പ്രതികളുടെ വീട്ടിൽ നിന്നും ആറര കിലോ ചന്ദനം പിടിച്ചെടുക്കുകയും ചെയ്തിരുന്നു. തുടർന്ന് സ്ഥലം മാറിപ്പോയതിനാൽ പിന്നീടുള്ള അന്വേഷണത്തിൽ സഹകരിക്കാൻ കഴിഞ്ഞിരുന്നില്ല. ടി കേസിലെ പ്രതികളുടെ ജാമ്യശ്രമം തടയുന്നതിന് ടിയാൻ നടത്തിയ ശ്രമങ്ങൾ ബന്ധപ്പെട്ട ഫയൽ പരിശോധിച്ചാൽ തന്നെ ഈ കേസിലെ തന്റെ ആത്മാർത്ഥത വെളിവാകുമെന്നു വാദിക്കുന്നു.

5. ടിയാന്റെ ആവശ്യ പ്രകാരം 22.03.2016 ൽ ടിയാനെ നേരിൽ കേൾക്കുകയും പ്രതിവാദ പത്രികയിന്മേൽ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ അഭിപ്രായം കൂടി ലഭ്യമാക്കി തുടർനടപടി സ്വീകരിക്കുവാൻ തീരുമാനിക്കുകയുണ്ടായി.

6. ശ്രീ.കെ.ജി.വരരുചി സമർപ്പിച്ചിട്ടുള്ള പ്രതിവാദ പത്രികയിന്മേൽ പരാമർശം (5) പ്രകാരം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് താഴെപ്പറയും പ്രകാരം അഭിപ്രായം ലഭ്യമാക്കുകയുണ്ടായി.:-

ആദ്യ കൃത്യം കണ്ടെത്തിയതിനു ശേഷം പ്രതികളെയും തൊണ്ടിമുതലും മറ്റും കാലതാമസം കൂടാതെ പിടിച്ചെടുക്കാൻ ടിയാന് സാധിക്കാതിരുന്നതിനാലാണ് കുറ്റകൃത്യം വീണ്ടും ആവർത്തിക്കാൻ കാരണമായത്. ആയത് ടിയാന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്. നഷ്ടം കണക്കാക്കിയതിന് ശാസ്ത്രീയ അടിസ്ഥാനമില്ല. ഒരു മീറ്റർ നീളമുള്ള ചന്ദനത്തിന് രണ്ടു കിലോഗ്രാം ഭാരമുണ്ടാകുമെന്നും ഒരു കിലോഗ്രാമിന് 2,000/- രൂപ വിലമതിക്കുമെന്നുമുള്ള കണക്കുകൾ ഏതെങ്കിലും മാനദണ്ഡങ്ങൾ അനുസരിച്ചുള്ളതല്ല. 44,000/- രൂപ എന്നത് മഹസ്സർ തയ്യാറാക്കിയപ്പോൾ കണക്കാക്കിയ നഷ്ടമാണ്. ഒന്നു മുതൽ അഞ്ച് വരെയുള്ള പ്രതികളെ അറസ്റ്റ് ചെയ്യുകയും 6, 7 എന്നീ പ്രതികളുടെ വീട്ടിൽ നിന്ന് ആറര

കിലോ ചന്ദനം പിടിച്ചെടുക്കുകയും ചെയ്തിരുന്നു. പ്രതികളെ പിടികൂടുന്നതിന് ഫ്ലൈയിംഗ് സ്ക്വാഡ് വിഭാഗത്തിന്റെ സഹായം ഉണ്ടായതായും കാണുന്നില്ല.

കൃത്യനിർവ്വഹണത്തിൽ ടിയാൻ പൊതുവെ ആത്മാർത്ഥത പുലർത്തിയതായാണ് രേഖകളിൽ നിന്ന് മനസ്സിലാക്കുന്നത്. പണവും സ്വാധീനവും ആൾബലവുമുള്ള ചന്ദന മാഫിയയെ ഫലപ്രദമായി കൈകാര്യം ചെയ്യാൻ വേണ്ട ഭൗതിക സൗകര്യങ്ങളോ സംവിധാനമോ സ്റ്റാഫോ ടിയാന് ലഭ്യമായിരുന്നില്ല. പ്രതികളെ കുറെപ്പേരെയെങ്കിലും അറസ്റ്റ് ചെയ്യാനും തൊണ്ടിയുടെ ഒരു ഭാഗം കണ്ടെത്താനും ടിയാൻ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് സാധിച്ചു.

7. 27.05.2017 ടിയാനെ വീണ്ടും നേരിൽ കേൾക്കുകയും തുടർന്ന് ഈ വിഷയത്തിൽ ഒരു ഔപചാരികാന്വേഷണം നടത്തുവാൻ തീരുമാനിക്കുകയുണ്ടായി.

8. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (7) പ്രകാരമുള്ള ഉത്തരവ് പ്രകാരം ശ്രീ.കെ.ജി.വരദ്ധചി പരാമർശം (6) പ്രകാരം സമർപ്പിച്ച നിവേദനം പരിഗണിക്കുവാനും ടിയാനെ നേരിൽ കേൾക്കുന്നതിന് അവസരം നൽകിയശേഷം 6 ആഴ്ചകൾക്കകം നിവേദനം തീർപ്പാക്കുവാനും ഉത്തരവായി. അതിനാൽ 19.09.2017 ന് ടിയാനെ വീണ്ടും നേരിൽകേട്ടു.

9. 21.08.2017 ലെ നിവേദനത്തിൽ 01.01.2011 ലെ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ 57-ാം നമ്പരായി ഉൾപ്പെട്ടിട്ടും അച്ചടക്ക നടപടി നിലനിൽക്കുന്നതിനാൽ അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ആയി പ്രൊമോഷൻ ലഭിച്ചില്ലെന്നും, 88-ാം നമ്പർ വരെയുള്ളവർ പ്രൊമോഷനായി എന്നും അച്ചടക്ക നടപടികൾ നീണ്ടു പോകുന്നതിനാൽ അർഹമായ പ്രൊമോഷൻ ലഭിക്കാതെ തനിക്ക് 31.01.2018 ൽ വിരമിക്കേണ്ടി വരുമെന്നും നേരിൽ കേട്ട വേളയിൽ വ്യക്തമാക്കിയിട്ടുണ്ട്.

10. ടിയാന്റെ നിവേദനത്തിലെ വസ്തുതകൾ 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾ പ്രകാരം വിശദമായി പരിശോധിച്ചു. ഇതിന് മുമ്പ് 2011 ൽ ടിയാന് മൂന്നാർ, നേര്യമംഗലം റെയിഞ്ചിലെ മരംമുറിയുമായി ബന്ധപ്പെട്ട് 04.02.2011 ൽ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് തലത്തിൽ കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റകൃത്യം നടക്കുന്ന കാലയളവിൽ പ്രസ്തുത റെയിഞ്ചിൽ ടിയാൻ ജോലി ചെയ്തിരുന്നില്ല. എന്നിട്ടും ടി വിഷയത്തിന്റെ നിജസ്ഥിതി ഉൾക്കൊള്ളാതെ ടിയാനെ കുറ്റാരോപിതരുടെ പട്ടികയിൽ ചേർത്ത് ഔപചാരികാന്വേഷണം ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ 6 വർഷ കാലയളവ് എടുത്തു. തുടർന്ന് കുറ്റക്കാരനല്ലെന്ന്

കണ്ട് 24.05.2017 ൽ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ടിയാനെ കുറ്റവിമുക്തനാക്കി ഉത്തരവായി. എന്നാൽ ഈ അച്ചടക്ക നടപടി കാരണം 2 പ്രാവശ്യം ടിയാനെ പ്രൊമോഷന് പരിഗണിക്കാതെ വന്നു.

11. ഇപ്പോൾ ആരംഭിച്ച അച്ചടക്ക നടപടിയിന്മേൽ ടിയാനെതിരെയുള്ള അതേ ചാർജ്ജുകൾ തന്നെയാണ് മറ്റ് കുറ്റാരോപിതർക്കെതിരെയും നിലനിന്നത്. ഔപചാരികാന്വേഷണത്തിൽ ചാർജ്ജുകൾ നിലനിൽക്കുന്നതല്ലെന്ന് കണ്ടതിനാൽ തൃശ്ശൂർ സെൻട്രൽ സർക്കിൾ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് തലത്തിൽ 04.07.2017 ലെ ജി1-5338/12 ഉത്തരവ് പ്രകാരം ബന്ധപ്പെട്ട ഫോറസ്റ്റർമാർ, ഗാർഡുമാർ ഇവരെയും പൂർണ്ണമായും കുറ്റവിമുക്തരാക്കുകയും ഡെപ്യൂട്ടി റെയിഞ്ചാഫീസർ ശ്രീ.എസ്.എൽ.സുനിലാലിനെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 21.02.2017 ലെ ബി4-8224/12 നമ്പർ ഉത്തരവ് പ്രകാരം പൂർണ്ണമായും കുറ്റവിമുക്തനാക്കുകയും ചെയ്തിട്ടുണ്ട്. 6 പേർ കുറ്റാരോപിതരായ കേസിൽ 5 പേരെയും കുറ്റവിമുക്തരാക്കിയതിനു ശേഷം ശ്രീ.കെ.ജി.വരരുചിയെ മാത്രം ശിക്ഷിക്കുന്നത് വിവേചനപരമാണ്. ഇവിടെ ടിയാൻ മരംമുറി കേസുകളുടെ തുടരന്വേഷണത്തിൽ നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട് എന്നത് വ്യക്തമാണ്. ടിയാൻ ആവശ്യമായ നിയമനടപടികൾ ഈ കേസുകളിൽ സ്വീകരിച്ചിട്ടുണ്ട്. ടിയാന്റെ മേലധികാരികൾ, മഹസ്സറിൽ തിട്ടപ്പെടുത്തിയ നഷ്ടം ശരിയാണെന്ന, നിലപാട് സ്വീകരിച്ചിരുന്നതെന്ന, ടിയാന്റെ വാദഗതികളോട് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റും യോജിച്ചിട്ടുണ്ട്. അടിസ്ഥാന സംരക്ഷണ ചുമതലയുള്ള ഉദ്യോഗസ്ഥരെയെല്ലാം കുറ്റവിമുക്തരാക്കിയിട്ടുള്ള ഈ കേസിൽ, സൂപ്പർവൈസറി ഉദ്യോഗസ്ഥനായ ശ്രീ.കെ.ജി.വരരുചിയുടെ പേരിൽ മാത്രം പ്രസ്തുത ചാർജ്ജുകൾ പ്രഥമദൃഷ്ട്യാ തന്നെ നിലനിൽക്കുന്നതല്ലെന്ന് സർക്കാർ വിലയിരുത്തുന്നു. നടപടിക്രമങ്ങളുടെ പേരിൽ ടിയാന്റെ പ്രൊമോഷൻ നിരസിക്കുന്നത് സ്വാഭാവിക നീതി നിഷേധമാണ്. ഇവിടെ നിലനിൽക്കാത്ത ചാർജ്ജുകളിന്മേൽ ഔപചാരികാന്വേഷണം നടത്തുന്നതിനു തന്നെ പ്രസക്തി കാണുന്നില്ല.

12. മുമ്പ് 2011 ൽ അച്ചടക്ക നടപടി ആരംഭിക്കുകയും 2017 ൽ പൂർണ്ണമായും കുറ്റവിമുക്തനാക്കപ്പെടുകയും ചെയ്തെങ്കിലും ടിയാന്റെ പ്രൊമേഷൻ നിഷേധിക്കപ്പെട്ട സാഹചര്യത്തിന് ഒരു പരിഹാരവും ഉണ്ടായിട്ടില്ല. ഇത് സ്വാഭാവിക നീതി നിഷേധമാണ്.

13. 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം കഠിന ശിക്ഷയുള്ള അച്ചടക്ക നടപടികളാണ് ടിയാനെതിരെ ആരംഭിച്ചത്. പ്രതിവാദ പത്രികയിലെ വാദ ഗതികൾ പരിഗണനാർഹമല്ലാത്ത സാഹചര്യത്തിലാണ് പ്രസ്തുത ചട്ടപ്രകാരം ഔപചാരികാന്വേഷണം നടത്തേണ്ടത്. എന്നാൽ ഇവിടെ ടിയാന്റെ വാദഗതികൾ പരിഗണനാർഹമാണ്. സംരക്ഷണ ചുമതലയുള്ള ഉദ്യോഗസ്ഥർക്കെതിരെ പോലും ചാർജ്ജുകൾ നിലനിൽക്കുന്നതല്ലെന്ന് ഔപചാരികാന്വേഷണം നടത്തിയതിൽ വ്യക്തമായിരിക്കെ, ശ്രീ.കെ.ജി.വരരുചിക്കെതിരെ ഇനിയും ഒരു ഔപചാരികാന്വേഷണ നടപടി ക്രമത്തിലേയ്ക്ക് പോകേണ്ടതില്ല എന്നു സർക്കാർ കാണുന്നു. പ്രതിവാദ പത്രികയിലെ വാദഗതികൾ, ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ അഭിപ്രായം, നേരിൽ കേട്ടതിലെ വസ്തുതകൾ ഇവയെല്ലാം പരിശോധിച്ചതിലും മറ്റെല്ലാ കുറ്റാരോപിതരെയും കുറ്റവിമുക്തരാക്കിയ സാഹചര്യത്തിലും ശ്രീ.കെ.ജി.വരരുചിക്കെതിരെയുള്ള പ്രധാന കുറ്റങ്ങൾ നിലനിൽക്കുന്ന തല്ലെന്നാണ് നേരിൽ കേട്ടപ്പോൾ സർക്കാർ വിലയിരുത്തുന്നു. ഈ അച്ചടക്ക നടപടിയിന്മേൽ ശ്രീ.കെ.ജി.വരരുചി, റെയിഞ്ച് ഫോറസ്റ്റ് ഓഫീസറെ പൂർണ്ണമായും കുറ്റവിമുക്തനാക്കി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ.1648/17 ലെ 23.08.2017 ലെ ഉത്തരവ് നടപ്പിലാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജെയിംസ് വർഗ്ഗീസ്
അഡീഷണൽ ചീഫ് സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം)
ശ്രീ.കെ.ജി.വരരുചി, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ
(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള തിരുവനന്തപുരം
പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ